(ഡി) മരണസമയത്ത് കൂടെയുണ്ടായിരുന്ന അപരിചിതർ ഇപ്പോൾ കസ്റ്റഡിയിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇവരെ അടിയന്തിരമായി ചോദ്യം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(എഫ്) മരണമടഞ്ഞയാളുടെ പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെയും ഫോറൻസിക് റിപ്പോർട്ടിന്റെയും കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്.

(സി) ഈ സംഭവത്തോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത വിതുര പോലീസ് സ്റ്റേഷൻ ക്രൈം 241/04-ാം നമ്പർ കേസിൽ ഇപ്പോൾ അന്വേഷണം തുടർന്നു വരികയാണ്.

(ഡി) ഇല്ല.

(ഇ) ഈ കേസിന്റെ അന്വേഷണത്തോടനുബന്ധിച്ച് മരണപ്പെട്ട നിയാസിന്റെ കൂടെ സംഭവ സമയം ഉണ്ടായിരുന്ന ജെറിൻ ജെയിംസ്, രാജേഷ്, അരുൺകുമാർ, സുവർണ്ണരാജ് എന്നിവരെ വിതുര പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ കണ്ട് ചോദിച്ചിട്ടുണ്ട്.

(എഫ്) പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റിന്റെ കോപ്പി അനുബന്ധമായി വച്ചിട്ടുണ്ട്. † ഫോറൻസിക് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

പുനലൂർ സ്വർണ്ണവ്യാപാരിയുടെ കൊലപാതകം

21 [1536] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂരിൽ സ്വർണ്ണവ്യാപാരി ഹംസക്കുട്ടിയെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് പുനലൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഈ കേസിന്റെ അന്വേഷണം ആരാണ് നടത്തുന്നത്; പ്രതിയെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ കേസിന്റെ അന്വേഷണം ഊർജിതമായി നടത്തണമെന്ന നിവേദനം മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രതിയെ കസ്റ്റഡിയിലെടുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ പുറത്തേയ്ക്ക് അന്വേഷണം നടത്തിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തന്റെ ജീവന് ഭീഷണിയുണ്ടെന്ന് കാണിച്ച് ഹംസക്കുട്ടി പുനലൂർ പോലീസിന് പരാതി നൽകിയിരുന്നുവോ; അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(എഫ്) പ്രതിയെ കസ്റ്റഡിയിൽ എടുക്കാത്തതുമായി ബന്ധപ്പെട്ട് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രതിഷേധ പരിപാടികൾ നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പ്രതിയെ പിടികൂടുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഷാജി എന്നു വിളിക്കുന്ന ഷാജഹാൻ തന്റെ ഭാര്യയുമായുള്ള അവിഹിത ബന്ധത്തെ സംബന്ധിച്ചുള്ള വിരോധം നിമിത്തം 6-12-2004-രാത്രി 9 മണിക്ക് ഹംസക്കുട്ടിയുടെ വീട്ടിലെ ഹാളിൽവച്ച് ഹംസക്കുട്ടിയെ മാരകമായി കുത്തി പരിക്ക് ഏൽപ്പിച്ചു. തടസ്സം പിടിക്കാൻ ചെന്ന ഹംസക്കുട്ടിയുടെ ഭാര്യയ്ക്ക് പരിക്ക് ഏൽക്കുകയും ചെയ്തു. ആശുപത്രിയിലേക്ക് പോകുന്ന വഴിക്ക് ഹംസക്കുട്ടി മരണപ്പെട്ടു. ആയതിലേക്ക് പുനലൂർ പോലീസ് സ്റ്റേഷനിൽ 302, 324, 449 ഐ.പി.സി. വകുപ്പുകൾ പ്രകാരം ക്രൈം 504/04 ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(ബി) കൊല്ലം ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.യുടെ മേൽനോട്ടത്തിൽ പുനലൂർ സി. ഐ. അന്വേഷണം നടത്തിവരുന്നു. പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) പരാതി ലഭിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) പ്രതിയെ പിടികൂടുന്നതിന് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

ജഗതി കട്ടയ്ക്കാൽ വീട്ടിൽ ശിവരാജന്റെ മരണം

22 [1537] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് കസ്റ്റഡിയിലും ജയിലിലും ആശുപത്രിയിലുമായി എത്ര തടവുകാർ മരണപ്പെട്ടു എന്നു വ്യക്തമാക്കാമോ . ;

(ബി) നായ പരിശീലകനായിരുന്ന ജഗതി സ്വദേശി കട്ടയ്ക്കാൽ വീട്ടിൽ ശിവരാജന്റെ മരണം സംബന്ധിച്ച് ആരാണ് അന്വേഷണം നടത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly